# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2738

27/01/2014 - ൽ മറുപടിക്ക്

### ദേശീയ ജലപാതയുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ: | | ശ്രീ. പി.ജെ.ജോസഫ് (ബഹു: ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ; | (എ) | ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ആകെ 205 കി.മീ ദൈർഘ്യമുള്ള ജലപാതയിൽ തകഴിയ്ക്കും കൊല്ലത്തിനുമിടയ്ക്കുള്ള 50 കി.മീ ൽ ഉദ്ദേശം 8.5 കി മീ മാത്രമെ ഇനി വീതി കൂട്ടുവാനും ആഴം വർദ്ധിപ്പിക്കുവാനുമുള്ള ഡ്രഡ്ജിംഗ് പണികൾ അവശേഷിക്കുന്നുള്ളൂവെന്നാണ് ഈ പണിയുടെ പൂർണ്ണ ചുമതല വഹിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ IWAI (ഇൻലാന്റ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ) ൽ നിന്നും അറിയുന്നത്. |
| ബി) പ്രസ്തുത പദ്ധതി എന്നു കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ; | (ബി) | 2014-ൽ പൂർത്തിയാക്കാൻ കഴിയും. |
| (സി) കൊല്ലം-കോവളം ദേശീയ ജലപാതയുടെ നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | കൊല്ലം-കോവളം ദേശീയ ജലപാതയല്ല. അത് സംസ്ഥാന ജലപാതയിൽ ഉൾപ്പെടുന്നതാണ്. കൊല്ലം-കോവളം ജലപാത സംസ്ഥാന ജലപാതയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് 13-ാം ധനകാര്യകമ്മീഷൻ, സംസ്ഥാനഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ